# ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

വലിയകുന്ന് (പി.ഒ),മലപ്പുറം ജില്ല, പിൻ 676 552

e-mail: irimbiliyamgp@gmail.com ഫോൺ 0494 2620390

എ2-4448/23 തിയതി-19.09.2023

പ്രേഷിതൻ

സെക്രട്ടറി

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ

സ്ഥിര അദാലത്ത് ഉപജില്ലാസമിതി-2

സർ,

വിഷയം- പെർമിറ്റ് അനുവദിക്കുന്നതിലെ കാലതാമസം സംബന്ധിച്ച്-

സൂചന- 1. 12.09.2023 തിയതി നടത്തിയ സബ് ജില്ലാതല അദാലത്ത് നം.7 മിനിട്സ്

2. കെ.ടി.ജമീല ഇക്കരക്കുടി എന്നവരുടെ 4448/23 തിയതി 1.8.22 ലെ ബിൽഡിംഗ് പെർമിറ്റ്

സൂചനാ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ എച്ച്.എ.എൽ.പി.സ്കൂളിലെ അടുക്കള നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നടത്തിയ പരിശോധന പ്രകാരം താഴെ പറയും വിവരങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ എച്ച്.എ.എൽ.പി.സ്കൂളിലെ ഭാഗികമായി നിർമ്മാണം നടത്തിയ സ്കൂൾ കിച്ചൻ പെർമിറ്റിനായി പഞ്ചായത്തിൽ 18.05.2023 തിയതിയിൽ അപേക്ഷ ലഭിച്ചിട്ടുള്ളതും എൽ.എസ്.ജി.ഡി.എ.ഇ.യുടെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപാകതകൾ സംബന്ധിച്ച് അപേക്ഷകനെ അറിയിച്ചിട്ടുള്ളതുമാണ്. തുടർന്ന് 2 തവണ അപേക്ഷ പുന സമർപ്പിച്ചുവെങ്കിലും അപാകതകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിരുന്നില്ല.സങ്കേതത്തിൽ റീ സബ്മിഷൻ പരിധി കഴിഞ്ഞതിനാൽ അപേക്ഷകൻ പുതിയ അപേക്ഷ 1.8.2023 തിയതി വീണ്ടും സമർപ്പിച്ചിട്ടുള്ളതാണ്(ഫയൽ നം.4448/23 ). ടി.അപേക്ഷയിൽ അന്വേഷണത്തിനായി എൽ.എസ്.ജി.ഡി.അസി.എൻജിനിയർക്ക് 2.8.2023 തിയതി കൈമാറിയിട്ടുള്ളതാണ്. എന്നാൽ നിയമപ്രകാരം ലഭിക്കേണ്ട സമയപരിധിക്കുള്ളിൽ അന്വേഷണറിപ്പോർട്ട് ലഭ്യമായില്ല.

കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ റൂൾ 14 പ്രകാരം പെർമിറ്റ് ലഭിക്കുന്നതിലുള്ള കാലതാമസം സംബന്ധിച്ച് സ്കൂൾ അധികൃതർ പഞ്ചായത്ത് ഭരണസമിതിക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ല. ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 7.8.2023 തിയതി ജോലിയിൽ പ്രവേശിച്ച എനിക്ക് അദാലത്തിലൂടെയാണ് പെർമിറ്റ് കാലതാമസം സംബന്ധിച്ച വിവരങ്ങൾ അറിയാൻ സാധിച്ചത്. 15.09.2023 തിയതി ലഭിച്ച അദാലത്ത് തീരുമാനപ്രകാരം അന്നുതന്നെ വിഷയം സംബന്ധിച്ച് വിശദവിവരം റിപ്പോർട്ട്

ചെയ്യുന്നതിനായി അസി.എൻജിനിയർക്ക് കത്ത്. നൽകിയിട്ടുള്ളതാണ് . ആയതുപ്രകാരമുള്ള അസി.എൻജിയിറുടെ വിശദീകരണറിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

2021-22 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കെ.എസ്.എ.എം.പി.എം.13/2581/2022 നമ്പർ റിപ്പോർട്ട് തിയതി 5.12.2022 ഖണ്ഡിക 1-17 പ്രകാരം വിവിധ സ്കൂളുകളുടെ സഞ്ചയറിപ്പോർട്ട് പ്രകാരമുള്ള വിസ്തീർണ്ണത്തെക്കാൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരവുമുള്ള വിസ്തീർണ്ണം കൂടുതലായി കണ്ടെത്തുകയും സ്കൂൾ കെട്ടിടങ്ങൾ പഞ്ചായത്തിൽനിന്നും നമ്പർ നേടി അധികൃതമാക്കാത്തതുസംബന്ധിച്ച് റിപ്പോർട്ട് ചെയ്യുകയും ആയതിന് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമാനുസൃതം തുടർ നടപടികൾക്കായി പഞ്ചായത്തിൽനിന്നും കത്ത് നൽകിയിട്ടുള്ളതുമാണ്.

ഐ.എൽ.ജി.എം.എസ്. മുഖേന ലഭിച്ച അസി.എൻജിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരണം നടത്തി പെർമിറ്റ് അനുവദിക്കുന്നതിന് .അടിയന്തിരമായി പ്ലാൻ പുനഃസമർപ്പിക്കുന്നതിനായി 19.09.2023 തിയതി സ്കൂൾ മാനേജർക്ക് കത്ത് അയച്ചിട്ടുള്ളതാണെന്നും ,എച്ച്.എ.എൽ.പി.സ്കൂളിലെ നിർമ്മാണ പ്രവൃത്തിക്ക് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മനഃപ്പൂർവ്വമായ കാലതാമസം ഉണ്ടാക്കിയിട്ടില്ലെന്നുമുള്ള വിവരം ബോധിപ്പിക്കുന്നതോടൊപ്പം മേൽ പ്രസ്താവിച്ചിട്ടുള്ള രേഖകളുടെ പകർപ്പ് അങ്ങയുടെ അറിവിലേക്കായി സമർപ്പിച്ചുകൊള്ളുന്നു.

ഉള്ളടക്കം:-

1.2021-22 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട്മറുപടി

2.അസി.എൻജിനിയർക്ക് നൽകിയിട്ടുള്ളകത്ത്

3.അസി.എൻജിയറുടെ റിപ്പോർട്ട്

4.അപേക്ഷകനുള്ള അറിയിപ്പ്.

വിശ്വസ്തതയോടെ,

[illegible]
Secretary
[illegible]

http://aims.ksad.kerala.gov.in/aims/auditReport...

Ak — 4455/24
26/12/22

FMAA04

(9)

Ak

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.13/2581/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)). എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.13/2581/2022 തീയ്യതി: 05/12/2022

## മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-11-2021 മുതൽ 11-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തിയതി (മുതൽ) | തിയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പുതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2022 | 19-10-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തിയതി (മുതൽ) | തിയതി (വരെ) |
|---|---|
| 12-10-2022 | 19-10-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.റിഷിൽ. പി., ഓഡിറ്റ് ഓഫീസർ

ശ്രീ. സന്തോഷ് പി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഗുരു ഇ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈഷി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷീബ പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മമ്മു മാസ്റ്റർ (മൊയ്തീൻ കുട്ടി കെ) | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. കെ. എസ്. അജിത്കുമാർ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി. ജ്യോതി.എസ്. | സെക്രട്ടറി-ഇൻ- ചാർജ്ജ് | 01-06-2021 | 04-07-2021 |
| ശ്രീമതി. ശ്രീലത എം. എസ്. | സെക്രട്ടറി | 05-07-2021 | 04-10-2021 |
| ശ്രീ. വിനോദ് എസ്. ആർ | | 01-11-2021 | 31-03-2022 |
| | സെക്രട്ടറി-ഇൻ- ചാർജ്ജ് | 05-10-2021 | 31-10-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മഞ്ജു മോഹനൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഫൈസൽ യൂസഫ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അഹമ്മദ് .പി | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 01-04-2021 | 31-03-2022 |
| ഡോ. സജിന. കെ. .എ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ഹിബ മോൾ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. വഹീദ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 30-09-2021 |
| ശ്രീ. സോമൻ പി. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-10-2021 | 31-03-2022 |
| ശ്രീമതി. അമ്പിളി. പി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജ്യോതി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 20-07-2021 |
| ശ്രീ. വിനോദ് എസ്. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 21-07-2021 | 31-03-2022 |
| ശ്രീമതി. അംബിക പി. | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു വി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. സന്തോഷ് കുമാർ പി. എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 26-07-2021 |
| ശ്രീമതി. നന്ദിത എം. ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2021 | 09-08-2021 |
| ശ്രീമതി. റിയ കെ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 10-08-2021 | 31-03-2022 |

| | |
|---|---|
| Cost For 10 Metre | 850.39 |
| Cost For 1 Metre | 85.04 |
| Add 1% Water Charge | 0.85 |
| Add 15% Contractor's Profit And Overheads | 12.88 |
| Cost Index 31.06% | 30.67 |
| Total | 129.45 |

ഓഡിറ്റ് എൻക്വയറി 27/2021-22/17.10.2022 നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

## 1-17 പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നു

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾ മുഴുവൻ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| AMLP സ്കൂൾ വലിയകുന്ന് | 17/232<br>17/232A<br>17/232B | 30M²<br>30M²<br>30M²/90M² | 492.16M² |
| GHSS ഇരിമ്പിളിയം | 16/226<br>16/226A<br>16/226B | 50M²<br>50M²<br>1097.49M²<br>1197M² | 1182M² (ഹൈസ്കൂൾ)<br>1153.51M² (ഹയർ സെക്കന്ററി സ്കൂൾ) |
| മജ്‌ലിസ് കോളേജ് പുറമണ്ണൂർ | 6/446<br>6/444A<br>6/447A | 40M²<br>40M²<br>75M²<br>155M² | -- |
| മജ്‌ലിസ് എൽ.പി. സ്കൂൾ പുറമണ്ണൂർ | - | - | 1092.09M² |
| MES ഹയർ സെക്കന്ററി സ്കൂൾ ഇരിമ്പിളിയം | 15/347A<br>15/447B<br>15/347 C | 210M²<br>440M²<br>501M²<br>1151M² | 3260.88M² |
| എച്ച്.എ.എൽ.പി.സ്കൂൾ, വലിയകുന്ന് | 2/633 A<br>2/634A<br>2/634B | 58.06M²<br>58.06M²<br>52.33M<br>167.72M² | 557.18M² |

| | | | |
|---|---|---|---|
| എ.എം.യു.പി.സ്കൂൾ ഇരിമ്പിളിയം | B/467 | 850M² | 1158.56M² |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

ഓഡിറ്റ് എൻക്വയറി നൽകിയതിന് - വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തി നിയമാനുസൃതം തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 പട്ടികജാതി വിദ്യാർത്ഥി ലാപ്ടോപ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബിൽ 21150852026700466943/30.9.2021 തുക 462893 (17എണ്ണം)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥി ലാപ്ടോപ് (74/22) എന്ന പദ്ധതി പ്രകാരം ലാപ്ടോപ് കമ്പ്യൂട്ടർ കൈപ്പറ്റിയ ശ്രീമതി തുളസി.PR, പരിയാരത്ത്, വലിയകുന്ന് എന്ന ഗുണഭോക്താവ് തൃത്താല ഗ്രാമ പഞ്ചായത്ത് നിവാസിയാണെന്ന് ഫയലിൽ ഉള്ളടക്കം ചെയ്ത കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ആധാർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റേഷൻ കാർഡ് പ്രകാരം ഗ്രാമ പഞ്ചായത്ത് നിവാസിയായ പരിയാരത്ത് ശാന്ത എന്നവരുടെ മക്കളാണ് ഗുണഭോക്താവ്. ഈ പദ്ധതിയുടെ അർഹതാ മാനദണ്ഡം അനുസരിച്ച് ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം അനുവദിക്കാവൂ. ആയതിനാൽ എം.ഫിൽ കോഴ്സിന് പഠിക്കുന്ന പ്രസ്തുത വിദ്യാർത്ഥിക്ക് തൃത്താല ഗ്രാമ പഞ്ചായത്തിൽ നിന്ന് ഇതേ പദ്ധതി പ്രകാരം ലാപ്ടോപ് കിട്ടിയിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാകുന്നത് വരെ ഒരു ലാപ് ടോപ് കമ്പ്യൂട്ടർ ചെലവ് തുക 27229 രൂപ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി 34 /2021-22/18.10.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 അഗതി രഹിത കേരളം പദ്ധതി -ഭക്ഷ്യധാന്യ കിറ്റ് വിതരണ രേഖകൾ ലഭ്യമല്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

ചെലവ് തുക, ചെക്ക് നമ്പർ - 026711/30.4.21- 84400

026712/9.7.21-250147

അഗതി രഹിത കേരളം പദ്ധതിയിൽപെട്ട 159 ഗുണഭോക്താക്കൾക്ക് (2022 ൽ നിലവിലുള്ള ഗുണഭോക്താക്കൾ) പദ്ധതി പ്രകാരം ഭക്ഷ്യധാന്യകിറ്റ് അനുവദിച്ചതിന് മേൽ പ്രകാരം ചെലവ് (മുൻ വർഷത്തെ നീക്കിയിരിപ്പിൽ നിന്നും അനുവദിച്ച തുക) ഈവർഷത്തിൽ വന്നിട്ടുണ്ട്. മാവേലി സ്റ്റോർ, വലിയകുന്ന് ശാഖ വഴിയാണ് കിറ്റ് വിതരണം ചെയ്തത്. നിലവിലുള്ള 159 ഗുണഭോക്താക്കൾക്ക് 2 തവണയായി (4 മാസത്തേക്കുള്ള കിറ്റ്) വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി വച്ചിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ്മെന്റിൽ കാണിച്ച ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യകിറ്റ് അനുവദിച്ചതായുള്ള സാക്ഷ്യപത്രം മാവേലി സ്റ്റോറിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ഉറപ്പു വരുത്താൻ കഴിയില്ല. മാവേലി സ്റ്റോറിൽ നിന്നുള്ള വിതരണ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 333547 രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് അന്വേഷണത്തിന് (36/18.10.22)മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 പി.എച്ച്.സിയിലേക്ക മരുന്ന വാങ്ങൽ - 3,82,769 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 56/22 |
| പ്രൊജക്ടിന്റെ പേര് | പി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 11,00000രൂപ(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| | 11,00,000രൂപ |
| ചെലവ് | ബിൽ നമ്പർ 39/21-22 തി. 26.8.21 9,00,000രൂപ |
| | ബിൽ നമ്പർ 322/21-22 തി. 17.2.22 2,00,000രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

മേൽ പ്രോജക്ട് പ്രകാരം പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 9,00,000 രൂപ കേരള മെഡിക്കൽ സർവീസസ്

| | | | | | |
|---|---|---|---|---|---|
| 7 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 2021-22 | 1-15 | KSEB യിൽ ഡെപ്പോസിറ്റ്- പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ബഹു. ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18/05/2023 ലെ 4(1) നമ്പർ തീരുമാനപ്രകാരം പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 8 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 2021-22 | 1-16 | GI പൈപ്പ് റീ-അറേഞ്ചിങ് - അധിക നിരക്ക് നൽകി | നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ബഹു. ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18/05/2023 ലെ 4(1) നമ്പർ തീരുമാനപ്രകാരം പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു |
| 9 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 2021-22 | 1-17 | പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നു | ബഹു.സർക്കാരിന്റെ പുതിയ ഉത്തരവനുസരിച്ച് കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നുണ്ട്. ടി പഞ്ചായത്ത് ഗ്രാമപഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിശോധന നടത്തി അധിക വിസ്തീർണ്ണത്തിനുള്ള ഇളവുകൾ പരിശോധിച്ച് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച് നികുതി പുനർനിർണ്ണയിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18/05/2023 ലെ 4(1) നമ്പർ തീരുമാനപ്രകാരം പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു |

# ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

വലിയകുന്ന് (പി.ഒ),മലപ്പുറം ജില്ല, പിൻ 676 552

e-mail: irimbillyamgp@gmail.com ഫോൺ 0494 2680390

എ2-4448/23 തിയതി-15.09.2023

പ്രേഷിതൻ

സെക്രട്ടറി

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

അസി.എൻജിനിയർ

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം- പെർമിറ്റ് അനുവദിക്കുന്നതിലെ കാലതാമസം സംബന്ധിച്ച്-

സൂചന-1, 12.09.2023 തിയതി നടത്തിയ സബ്ജില്ലാതല അദാലത്ത് നം.7 മിനട്സ്

2. കെ.ടി.ജമീല ഇക്കരക്കുടി എന്നവരുടെ 4448/23 തിയതി 1.8.22 ലെ ബിൽഡിംഗ് പെർമിറ്റ്

മേൽ സൂചന 2 പ്രകാരം ലഭിച്ച കെട്ടിടനിർമ്മാണ അപേക്ഷയിൽ സംഭവിച്ച കാലതാമസം സംബന്ധിച്ച് സൂചന 1 പ്രകാരം അദാലത്ത് നടത്തിയതിന്റെ മിനട്സ് പകർപ്പ് ഇതു സഹിതം അയക്കുന്നു. ആയത് പരിശോധിച്ച് അടിയന്തിരമായി വിശദമായ റിപ്പോർട്ട് തരുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

Mayankan

Received

**അസിസ്റ്റന്റ് എഞ്ചിനീയർ**
**എൽ ഐ ഡി & ഇ ഡബ്ല്യുസെക്ഷൻ**
**ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്**
**വലിയകുന്ന് പി ഓ -676552**
**Email :aelsgdirimbiliyam@gmail.com**

നം:AE/LSGD/IBM/05/23-24

തീയ്യതി:18-09-2023

സ്വീകർത്താവ്

സെക്രട്ടറി

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- പെരമിറ്റ് അനുവദിക്കുന്നതിലെ കാലതാമസം സംബന്ധിച്ച്

സൂചന :- 12.09.2023 തിയ്യതി നടത്തിയ സബ് ജില്ലാതല അദാലത് നമ്പർ 7 മിനുട്സ്

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ രണ്ടാം വാർഡിൽ ഉൾപ്പെടുന്ന HALP സ്കൂളിലെ കിച്ചൻ നിർമാണ അനുമതിക്കായി സമർപ്പിച്ച 2828/ 23 dtd 18.05.23 നമ്പർ അപേക്ഷ പ്രകാരം സ്ഥല പരിശോധന നടത്തുകയും അപാകതകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്യിട്ടുള്ളതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമ അപേക്ഷ പുന:സമർപ്പിച്ചുവെങ്കിലും അപാകതകൾ പൂർണ്ണമായി പരിഹരിക്കപെട്ടിരുന്നില്ല.സങ്കേതത്തിൽ റീസബ്മിഷൻ പരിധി കഴിഞ്ഞതിനാൽ കെട്ടിട ഉടമ 01.08.2023 നു പുതിയ അപേക്ഷ സമർപ്പിച്ചു.ആയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും സ്ഥല പരിശോധന നടത്തിയിരുന്നു.സ്കൂളിലെ എക്സിസ്റ്റിങ് ബിൽഡിംഗ് സംബന്ധിച്ച വിവരങ്ങൾ അപൂർണമായതിനാൽ ചട്ട പ്രകാരമുള്ള സമയപരിധിക്കുള്ളിൽ തന്നെ റിപ്പോർട്ട് സമർപ്പിക്കുക എന്നത് ബുദ്ധിമുട്ടുള്ളതായിരുന്നു.മാത്രമല്ല നിലവിൽ എടയൂർ ഗ്രാമ പഞ്ചായത്ത് AE യുടെ അധിക ചുമതല ഉള്ളതും ഇരിമ്പിളിയം പഞ്ചായത്ത് ഓഫീസിൽ ഒരു ഓവർസീരുടെ അഭാവവും ഓഗസ്റ്റ് സെപ്റ്റംബര് മാസങ്ങളിലെ അവധി ദിനങ്ങളുടെ ആധിക്യവും വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അന്വേഷണ റിപ്പോർട്ടുകളിൽ കാല താമസത്തിനു കാരണമാവുന്നുണ്ട്.

4448/23 നമ്പർ അപേക്ഷയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിരുന്നു.

1 .പ്ലോട്ടിലെ എക്സിസ്റ്റിങ് ബിൽഡിംഗ് ഏരിയയും വസ്തു നികുതി രജിസ്റ്ററിലെ ഏരിയയും വ്യത്യസ്തമാണ്.സഞ്ചയയിൽ ടോട്ടൽ എക്സിസ്റ്റിങ് ബിൽഡിംഗ് ഏരിയ 261.26 m2 ആണ് കാണിക്കുന്നത്. എന്നാൽ സൈറ്റിലെ എക്സിസ്റ്റിങ് ബിൽഡിങ്ങുകളുടെ ഏരിയ 1000 m2 ൽ അധികമാണ്.

2 . new construction ആയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നാൽ 450.14 m2 വിസ്തീർണ്ണമുള്ള ഒരു കെട്ടിടത്തിനോട് ചേർന്നാണ് നിർമാണം നടത്തിയിരിക്കുന്നത്.ചട്ടം 26(5) പ്രകാരം കെട്ടിടങ്ങൾ തമ്മിലുള്ള മിനിമം അകലം 2m പാലിച്ചിട്ടില്ല

3. നിലവിൽ ടി പ്ലോട്ടിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള ഒരു കെട്ടിടത്തിന്റെ നിർമാണം നടന്നുകൊണ്ടിരിക്കുന്നുണ്ട്.ആയതിനാൽ റിവൈസ്ഡ് പെർമിറ്റിനായിരുന്നു അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച റിപ്പോർട്ട് ILGMS,SANKETHAM മുഖേന തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.അപേക്ഷകനെ അറിയിക്കാവുന്നതാണ്.

വിശ്വാസപൂർവ്വം

അസിസ്റ്റന്റ് എഞ്ചിനീയർ

ASSISTANT ENGINEER
LSGD SECTION
..MBILIYAM GRAMA PANCHAYAT
..VALIYAKUNNU, Pin: 676 552

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400892/BPRL01/GPO/2023/4448/(1)

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് ആഫീസ്

ഇരിമ്പിളിയം
വലിയകുന്ന്.പി.ഒ
മലപ്പുറം
Phone No:04942620390
E-mail:irimbiliyamgp@gmail.com

തീയതി : 19/09/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

KT JAMEELA
IKKARAKKUDI, THOZHUVANOOR, Valiyakunnu, 676552, Malappuram, Kerala

സർ,

വിഷയം:- വാസഗൃഹങ്ങൾ-ഗ്രൂപ്പ് എ1 കെട്ടിട നിർമ്മാണാനുമതി,മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ആവശ്യമില്ലാത്ത വാസഗൃഹങ്ങളുടെ കെട്ടിട നിർമ്മാണ അനുമതി അപേക്ഷ

സൂചന:- താങ്കൾ ഈ ഓഫീസിൽ സമർപ്പിച്ച അപേക്ഷ.

മേൽ സൂചന അപേക്ഷ പ്രകാരം സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ താഴെ പറയുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു

1. പ്ലോട്ടിലെ എക്സിസ്റ്റിംഗ് ബിൽഡിങ്ങുകളുടെ ഏരിയ വസ്തു നികുതി രജിസ്റ്ററിലെ സഞ്ചയ ഏരിയയിൽ നിന്നും വ്യത്യസ്തമാണ്.

2. NEW CONSTRUCTION ആയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.
എന്നാൽ 450.14M2 വിസ്തീർണ്ണമുള്ള ഒരു കെട്ടിടത്തിനോട് ചേർന്നാണ് നിർമ്മാണം നടത്തിയിരിക്കുന്നത്.
ചട്ടം 26(5) പ്രകാരം കെട്ടിടങ്ങൾ തമ്മിലുള്ള മിനിമം അകലം പാലിക്കുന്നില്ല

3. നിലവിൽ പി പ്ലോട്ടിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള ഒരു കെട്ടിടത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ റിവൈസ്ഡ് പെർമിറ്റിനായല്ല അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടി പെർമിറ്റ് സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല

ആയതിനാൽ അപാകതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്ന മുറക്ക് മാത്രമേ താങ്കളുടെ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന വിവരം അറിയിക്കുന്നു

വിശ്വസ്തതയോടെ..

മായാദേവി കെ

സെക്രട്ടറി

Signature Not Verified
Digitally signed by MAYADEVI K
Date: 2023.09.19 14:33:09 IST
Reason: ILGMS Govt. of kerala